# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
## സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 03/2022
## 15.05.2022 എ.കെ.ജി.സി.ടി. ഭവൻ

### മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. ജില്ലാറിപ്പോർട്ടിങ്
4. സർവീസ് പ്രശ്നങ്ങൾ
5. എഫ്.എസ്.ഇ.ടി.ഒ പ്രക്ഷോഭങ്ങൾ
6. എ.ഐ.എഫ്.യു ടി.ഒ
7. അക്കാദമിക് കാര്യങ്ങൾ
8. വിവിധ സബ് കമ്മറ്റികൾ
9. മറ്റു വിഷയങ്ങൾ

**ഹാജർ**

ഡോ. പി. പി. പ്രകാശൻ, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. എൻ. മനോജ്, സന്തോഷ് ടി. വർഗീസ്, ഡോ. വിനു ഭാസ്ക്കർ, ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി. സി.ടി., ഡോ. സുനിൽ വി.ടി., ഡോ. രാജേഷ്കുമാർ പി., ഡോ. പ്രിൻസ് പി. ആർ., സൗമ്യ എസ്., ഡോ. ഗായത്രി ദേവി. ജി., ഡോ. ആർ. പ്രഗാഷ്., ഡോ. സുമി ജോയി ഓലിയപുറം, ഡോ. ജോജോമോൻ എൻ. എ., ഡോ. സഞ്ചയ് കുമാർ എസ്., ഡോ. ഷീബ ദിവാകരൻ, ഡോ. എം. എ. അസ്കർ, ഡോ.ആനന്ദ് ദിലീപ് രാജ്, ഡോ. സുനിത ഗണേഷ്, ഡോ. വിഷ്ണു വി. എസ്., ഡോ. ടി. എ. ആനന്ദ്, ഡോ. സെനോ ജോസ്, ഡോ. മാണിക്യരാജ് കെ., ജയരാജ് ജെ., ഡോ. റിജുലാൽ, ഡോ. എ. ബാലകൃഷ്ണൻ, ഡോ. പ്രദീപ് കുമാർ കെ., ഡോ. രഞ്ജിത് മോഹൻ പി., ഡോ. സുജ ടി. വി., അനൂപ് ജെ അലക്കപ്പള്ളി, ആൽബർട്ട് ആന്റണി ടി., രജിത സി. ആർ., ഡോ. ദിനേശ് പി. കെ., സോബിൻ വർഗീസ് എം. വി., ഡോ. മഞ്ജുള കെ. വി., ആസിഫ് ഇക്ബാൽ കാക്കശ്ശേരി.

രാവിലെ 10.00ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡണ്ട് ഡോ. പി. പി. പ്രകാശൻ ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് റിപ്പോർട്ട് അവതരിപ്പിച്ചു. സംസ്ഥാനട്രഷറർ ഡോ. ഡോ. എൻ. മനോജ് അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ചിറ്റൂർ ഗവൺമെൻറ് കോളേജ് കൊമേഴ്സ് വിഭാഗം അധ്യാപകനും എ കെ ജി സി ടി അംഗവുമായ ജി രാധാകൃഷ്ണൻ മാഷ്, ജീവശാസ്ത്രജ്ഞൻ എം വിജയൻ, തിരക്കഥാകൃത്ത് ജോൺ പോൾ, മുൻമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ കെ. ശങ്കരനാരായണൻ, ഫുട്ബോൾ താരം ദേവാനന്ദ്, ആണവ ശാസ്ത്രജ്ഞൻ എ. കെ. ഭാദുരി, ചലച്ചിത്ര താരം സലീം ഖൗസ്, സന്തൂർ വാദകൻ പണ്ഡിറ്റ് ശിവകുമാർ ശർമ, ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട മാധ്യമപ്രവർത്തക ഷിറീൻ അബു അഖ്ലഹ്, ഡൽഹിയിൽ തീപിടുത്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ, സംസ്ഥാന സമ്മേളനത്തിന്റെ ഫണ്ട് ഇനിയും പിരിച്ചെടുക്കേണ്ടതുണ്ട്. ഇതിനായുള്ള ഊർജിത ശ്രമം ജില്ലാ/ യൂണിറ്റ് സെക്രട്ടറിമാർ നടത്തണം. പ്ലെയിസ്മെന്റുമായി ബന്ധപ്പെട്ട് AGP 7000-8000 അപേക്ഷകളിൽ 219 പേരുടെ ഉത്തരവിറങ്ങി. 150 അധ്യാപകരുടെ പ്രൊപ്പോസലുകൾ താമസിയാതെ ഉത്തരവായി ഇറങ്ങുമെന്നാണ് അറിയിച്ചിട്ടുള്ളത്. ബി ഓപ്ഷൻ അനുസരിച്ചുള്ള അസോസിയേറ്റ് പ്രൊഫസർമാരുടെ പ്ലെയിസ്മെന്റ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇനി ഇറങ്ങാനുള്ള AGP 6000-7000 പ്ലെയിസ്മെന്റുകൾ താമസിയാതെ ഇറങ്ങുമെന്ന് കരുതുന്നു.

പ്രിൻസിപ്പൽ നിയമനം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്താൻ വേണ്ട പ്രവർത്തനം ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തിവരുന്നു. പ്രൊഫസർഷിപ്പ് ഉത്തരവ് ഇറങ്ങാൻ വേണ്ട ഇടപെടൽ നടത്തിവരുന്നുണ്ട്. 2022-23 വർഷത്തെ പൊതുസ്ഥലം മാറ്റത്തിന്റെ കരട് പട്ടിക പരമാവധി വേഗത്തിൽ പ്രസിദ്ധീകരിക്കും എന്നാണ് മനസ്സിലാക്കുന്നത്. ഇതിനു ശേഷം ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ പരിഹരിക്കാൻ വേണ്ട ഇടപെടൽ നടത്തുന്നതാണ്.

ശമ്പളപരിഷ്കരണം ലഭ്യമായ ചില അധ്യാപകർക്ക് സ്പാർക്കിലെ പ്രശ്നം കാരണം ശമ്പളം മാറാൻ കഴിയാത്ത സ്ഥിതിവിശേഷമുണ്ട്. ഇത് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മാത്രവുമല്ല, സ്പാർക്ക് ഓഫീസിൽ സംഘടനയ്ക്ക് പരാതികൾ പരിഹരിക്കുന്നതിനാവശ്യമായ ഒരു സംവിധാനം ഒരുക്കുന്നതിനു വേണ്ട ഇടപെടലുകൾ നടത്തിയിട്ടുണ്ട്. കോളേജ് അധ്യാപകർക്ക് അർഹമായ ഡിഎ ഇനിയും അനുവദനീയമായിട്ടില്ല. ഇതിൽ ധനകാര്യ വകപ്പുമായി സംഘടന ചർച്ച നടത്തിയിട്ടുണ്ട്. അരിയർ കുടിശിക കേന്ദ്ര വിഹിതം ലഭിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

അറബിക് അധ്യാപകരുടെ സർവീസ് റെഗുലറൈസ് ചെയ്യുന്ന വിഷയത്തിലും, സംഗീത കോളേജ് അധ്യാപകർക്ക് യുജിസി ലഭിക്കുന്ന വിഷയത്തിലും മുഖ്യമന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി എന്നിവരുടെ ഓഫീസുമായി വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്. ഇപ്പോൾ സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പൽമാരായി ഇരിക്കുന്നവരുടെ സർവീസ് റെഗുലറൈസ് ചെയ്യുന്ന മുറയ്ക്ക് ഡി.ഡി. പ്രൊമോഷൻ നടക്കുന്നതാണ്.

AISGEFന്റെ പാറ്റ്നയിൽ വച്ച് നടന്ന സമ്മേളനത്തിൽ സംഘടനയുടെ ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് പങ്കെടുക്കുകയുണ്ടായി. എൻ.പി.എസ്, എൻ.ഇ.പി. എന്നിവയ്ക്ക് എതിരെ ദേശവ്യാപകമായി ശക്തമായ പ്രക്ഷോഭം നടത്തണം എന്നാണ് പ്രസ്തുത സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശം. ഐഫക്ടോ ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റി അമൃതസറിൽ വച്ച് ഏപ്രിൽ 23 24 തീയതികളിൽ ചേർന്നു. ഇതിൽ ഐഫക്ടോ ദേശീയ സെക്രട്ടറി ഡോ. എൻ. മനോജും എ.കെ.ജി.സി.ടി. ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖും പങ്കെടുത്തു. റിഫ്രഷർ, ഓറിയന്റേഷൻ കോഴ്സുകൾക്ക് എക്സംപ്ഷൻ നൽകുക, പി.എച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിക്കുക, യു.ജി. സി വിഹിതം അനുവദിക്കുക, എൻ.പി.എസ് പിൻവലിക്കുക തുടങ്ങിയ വിഷയങ്ങളിൽ ശക്തമായി ഇടപെടൽ നടത്താൻ യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ദേശീയവിദ്യാഭ്യാസനയത്തിനെതിരെ ജൂലൈ മാസത്തിൽ പാർലമെൻറ് മാർച്ച് നടത്തുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ യോഗം തീരുമാനമെടുത്തു.

കേരള സർവകലാശാലാ പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് സംഘടന വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാല പി.എച്ച്. ഡി. രജിസ്ട്രേഷൻ

വളരെയധികം വൈകുന്ന സ്ഥിതിവിശേഷമുണ്ട്. ഇക്കാര്യത്തിലും സംഘടന വേണ്ട ഇടപെടൽ നടത്തിയിട്ടുണ്ട്.

സ്പെഷ്യൽ റൂൾസ് ചർച്ചയിൽ നമ്മൾ പങ്കെടുക്കുകയും സംഘടന നിലപാട് കൃത്യമായി യോഗത്തിൽ ഉന്നയിക്കുകയും ചെയ്തു. ഫിസിക്കൽ എഡ്യുക്കേഷൻ അധ്യാപകർക്ക് പ്രിൻസിപ്പൽ, പ്രൊഫസർഷിപ്പ് എന്നിവ ലഭിക്കാൻ വേണ്ട ശക്തമായ ഇടപെടൽ സംഘടന നടത്തി വരുന്നു.

വയനാട് ജില്ലയിൽ അനുവദിച്ച റൂസ കോളേജിന്റെ പ്രവർത്തനം കേന്ദ്ര ഫണ്ടിന്റെ ലഭിക്കാത്തതിനാൽ ആരംഭിച്ചിട്ടില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അനുവദിച്ച സുൽത്താൻബത്തേരി സർക്കാർ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ട ഇടപെടലും സംഘടന നടത്തി വരുന്നു.

ജനറൽസെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് ജില്ലാസെക്രട്ടറിമാർ ജില്ലാറിപ്പോർട്ടിംഗ് നടത്തി. ജനറൽസെക്രട്ടറി അവതരിപ്പിച്ച റിപ്പോർട്ടിൻമേലും മറ്റു വിഷയങ്ങളിലും സംസ്ഥാനപ്രവർത്തകസമിതിഅംഗങ്ങൾ വിശദമായ ചർച്ച നടത്തി. തുടർന്ന് ഓരോ അജണ്ടയും വിശദമായി ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. സമ്മേളന ഫണ്ട് ഈ മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ തീരുമാനിച്ചു.
2. ജനറൽ ട്രാൻസ്ഫർ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതായിരിക്കും.
3. കോളേജ് അധ്യാപകർക്ക് ലഭിക്കേണ്ട ഡി.എ. ലഭ്യമാക്കുന്നതിന് വീണ്ടും ആവശ്യമായ ഇടപെടൽ നടത്തും.
4. അധ്യാപകരുടെ പഞ്ചിംഗ് സമയം അധ്യാപന ജോലിയുടെ സ്വഭാവത്തിനനുസരിച്ച് ക്രമീകരിക്കാൻ വേണ്ട ഇടപെടൽ നടത്തും.
5. ഇനിയും നടക്കാനുള്ള പ്ലെയിസ്മെന്റുകൾ എത്രയുംവേഗം പുറത്തിറക്കാൻ വേണ്ട ഇടപെടൽ സംഘടന നടത്തുന്നതാണ്.
6. കോടഞ്ചേരി, നിലമ്പൂർ കോളേജുകൾക്ക് എച്.ടി.എ. അനുവദിക്കുന്നതിന് വേണ്ടി ഇടപെടൽ നടത്താൻ തീരുമാനിച്ചു.
7. അറബിക് കോളേജ് അധ്യാപകരുടെ സർവീസ് പ്രശ്നം, സംഗീതകോളേജ് അധ്യാപകരുടെ യുജിസി അനുവദിക്കൽ എന്നിവയിൽ ശക്തമായി ഇടപെടൽ നടത്തുന്നതാണ്.
8. കേരള സ്റ്റേറ്റ് ഹയർ എജുക്കേഷൻ കൗൺസിൽ നടത്തിയ കോഴ്സുകൾ പ്ലെയിസ്മെന്റിന് പരിഗണിക്കാൻ വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചു.
9. ഉന്നതവിദ്യാഭ്യാസ പരിഷ്കരണം സംബന്ധിച്ച് സർക്കാർ ഏർപ്പെടുത്തിയ മൂന്ന് സമിതികളുടെ റിപ്പോർട്ട് വന്നശേഷം അവ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ സംഘടന സംസ്ഥാനതലത്തിൽ ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു.
10. എ.കെ.ജി.സി.ടി. അക്കാദമിക് കമ്മിറ്റി, അക്കാദമിക് ജേർണൽ എഡിറ്റോറിയൽ ബോർഡ് എന്നിവ രൂപീകരിച്ചു.
11. കാലിക്കറ്റ് സർവ്വകലാശാലയിൽ സമീപകാലത്ത് ആരംഭിച്ച ഡെവലപ്മെൻറ് എക്കണോമിക്സ് പി.ജി., ബി.എ. എക്കണോമെട്രിക്സ് & ഡേറ്റ മാനേജ്മെന്റ് കോഴ്സുകളുടെ പരീക്ഷ എത്രയും വേഗം നടത്താൻ വേണ്ട ഇടപെടൽ നടത്തും.
12. എം.ബി.ടി., എ.സി.എസ്.ആർ., അക്കാദമിക്ക് കമ്മിറ്റി, സർവീസ് സെൽ, വനിതാ സബ് കമ്മിറ്റി എന്നിവ യോഗങ്ങൾ വിളിച്ചു ചേർത്തു ഭാവി പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തണം.

13. നമ്മുടെ മേഖലയിലെ വിവിധ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിന് അവകാശ പത്രിക സമർപ്പിക്കാൻ തീരുമാനിച്ചു.
14. എ.കെ.ജി.സി.ടി. ഈവർഷം ഒരു അക്കാദമിക് ഡയറി അച്ചടിച്ച് അംഗങ്ങൾക്ക് നൽകാൻ തീരുമാനിച്ചു.
15. ഈ വർഷത്തെ മെമ്പർഷിപ്പ് തുക 1000/- രൂപയായി അംഗങ്ങളിൽ നിന്നും സ്വീകരിക്കാൻ തീരുമാനിച്ചു.

യോഗം വൈകിട്ട് 3.30ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
15-05-2022

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി